# കേരളത്തിന്റെ പ്രിയ പാർലമെന്റ് അംഗങ്ങളെ, നിയമസഭാ സാമാജികരെ, ജനങ്ങൾക്ക്, അവരുടെ ആരോഗ്യപരിരക്ഷയ്ക്ക്, നിങ്ങളുടെ വിലയേറിയ സഹായം ആവശ്യമുണ്ട്.

**പുകയില ഉപഭോഗം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നു.**
**ഓരോവർഷവും 10 ലക്ഷം ഇന്ത്യക്കാർ പുകയില ജന്യരോഗങ്ങളാൽ മരണപ്പെടുന്നു.**
**ആയിരക്കണക്കായ കുട്ടികളും, യുവാക്കളും പുകയില ഉപയോഗം മൂലം മാരക രോഗങ്ങൾക്ക് അടിമയാകുന്നു.**

കേരളത്തിന്റെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ
നിങ്ങളുടെ എളിയ പ്രവർത്തനങ്ങളിലൂടെ ജനങ്ങളെയും,
പ്രത്യേകിച്ച് നമ്മുടെ വരുംതലമുറയേയും
ഈ മഹാവിപത്തിൽ നിന്നും രക്ഷിയ്ക്കാനാകും.

മനുഷ്യചരിത്രത്തിലെ ഏറ്റവും വിനാശകാരിയായ, ഉപഭോഗവസ്തുവാണ് പുകയില. പ്രായമാവാതെയുള്ള മരണങ്ങളുടെ കാരണത്തിൽ രണ്ടാംസ്ഥാനം പുകയില ഉപയോഗത്തിനാണ്. പുകയില ഉപഭോഗത്തിലൂടെ ഉണ്ടാകുന്ന അസുഖങ്ങൾ കാരണം വരുമാനം കുറയുകയും ചെറുകിട വ്യവസായങ്ങൾ തകരുകയും ചെയ്യുന്നു. പുകയിലജന്യ രോഗങ്ങളിൽ കോടിക്കണക്കിന് പ്രവർത്തിദിനങ്ങൾ ഓരോ വർഷവും നമുക്ക് നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് ലോകാരോഗ്യ സംഘടനപുകയില ഉപയോഗം നിയന്ത്രിക്കാൻ ഒരു അന്താരാഷ്ട്ര ഉടമ്പടി രൂപപ്പെടുത്തുകയും നാളിതുവരെ 182 രാഷ്ട്രങ്ങൾ അതിൽ പങ്കാളിയാവുകയും ചെയ്തത്. പുകയിലയുടെ ഉത്പാദനം, വിതരണം, ഉപഭോഗം എന്നിവ നിയന്ത്രിച്ച് പുകയില വിപത്തിൽ നിന്നും നമ്മുടെ ജനങ്ങളെ രക്ഷിക്കാനാണ് നമ്മുടെ സർക്കാർ 2003ൽ പുകയില നിയമം (The Cigarettes and other tobacco products act (COTPA 2003)) പാസ്സാക്കിയത്. നമ്മുടെയും വരും തലമുറയുടെയും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിനായി ഈ നിയമം ശക്തമായി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

## എന്തൊക്കെയാണ് ചെയ്യേണ്ടുന്നത്?

## 1. വസ്തുനിഷ്ഠമായ ചിത്രങ്ങളിലൂടെ മുന്നറിയിപ്പുകൾ നൽകുക

വിദ്യാഭ്യാസം കുറവുള്ളവർക്കും കുട്ടികൾക്കും ചിത്രങ്ങളിലൂടെയുള്ള മുന്നറിയിപ്പ് നൽകുന്നതിലൂടെ പുകയില ഉപയോഗത്തിലെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി കൊടുക്കാൻ കഴിയും. ആസ്ട്രേലിയ, ന്യൂസിലാന്റ്, കാനഡ, തായ്‌ലന്റ്, ബ്രസീൽ, ഹോങ്കോങ്ങ് തുടങ്ങിയ 25 ഓളം രാജ്യങ്ങളിൽ ഇത്തരം മുന്നറിയിപ്പുകൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

2009 മെയ് 16 ന് സുപ്രീം കോടതി പുറത്തിറക്കിയ ഒരു ഓർഡറിന്റെ അടിസ്ഥാനത്തിൽ മെയ് 31 മുതൽ ഇന്ത്യയിലും ഇത്തരം നിയമം നിലവിൽ വന്നു. എന്നാൽ ഇന്ത്യയിലെ സിഗരറ്റ് പായ്ക്കറ്റുകളിൽ കാണപ്പെടുന്ന ചിത്ര മുന്നറിയിപ്പുകൾ വളരെ ദുർബലമായതാണ്.







മാത്രമല്ല നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെന്റ് ജനക്ഷേമം ലക്ഷ്യമാക്കി കൊണ്ടുവന്ന മേൽപ്പറഞ്ഞ നിയമം പുകയില കമ്പനികൾ പലരീതിയിൽ ലംഘിക്കുകയും നടപ്പിലാക്കുന്നതിൽ വിമുഖത കാട്ടുകയുമാണ്. പായ്ക്കറ്റുകളുടെ 40 % ഭാഗത്ത് പായ്ക്കറ്റിലുപയോഗിച്ചിട്ടുള്ള എല്ലാ ഭാഷകളിലും മുന്നറിയിപ്പ് ഉണ്ടാവണം എന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതാണ്. സചിത്ര മുന്നറിയിപ്പ് കേരളത്തിൽ വിറ്റഴിയുന്ന പല പുകയില ഉല്പന്നങ്ങളിലും ഇന്നും ഇല്ല. മാത്രമല്ല ഉള്ളവ തന്നെ വളരെ കുറഞ്ഞ സ്ഥലത്ത് ജനങ്ങൾക്ക് മനസ്സിലാകാത്ത വിധം ആലേഖനം ചെയ്തിരിക്കുന്നു. ഗുഡ്കസാറ്റ്ച്ചെറ്റസിന്റെ കവറിൽ കാണുന്ന ചിത്ര മുന്നറിയിപ്പ് 10-20% ഭാഗത്തുമാത്രമേയുള്ളു. മുൻവശത്തെ 40% ഭാഗം ഉപയോഗിക്കണമെന്നുള്ള നിയമം നിലനിൽക്കുമ്പോഴാണിത്.

***നിങ്ങളിൽ നിന്നുമുണ്ടാകേണ്ടുന്ന പ്രവർത്തനങ്ങൾ.***

* ചിത്രങ്ങൾ ഉപയോഗിച്ചുള്ള ആരോഗ്യ മുന്നറിയിപ്പ് ശക്തമായി നടപ്പാക്കാൻ സർക്കാരുകളിലും ഉദ്യോഗസ്ഥരിലും സമ്മർദ്ദം ചെലുത്തണം.
* ചിത്രമുന്നറിയിപ്പുകൾ ഓരോവർഷവും മാറ്റണം. അടുത്ത വർഷത്തേക്കുള്ളവ തെരഞ്ഞെടുക്കുന്നതിന് മുൻപ് ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ ഉപയോഗിക്കുന്ന വയുമായി താരതമ്യപഠനം നടത്തിയിരിക്കണം.
* ഗവൺമെന്റ് ശക്തമായ പ്രാബല്യപരിപാടികൾ കൊണ്ടു വരികയും നിയമം തെറ്റിക്കുന്നവർക്ക് ശിക്ഷ നൽകുകയും വേണം.
* സിഗരറ്റ് പായ്ക്കറ്റുകളിൽ കാണുന്ന light, mild, low-tar എന്നീ പദങ്ങൾ നിരോധിക്കണം. ഇത്തരം വാക്കുകൾ നിരോധിക്കണമെന്ന് COTPA നിയമത്തിലെ 7-ാം ഭാഗം പറയുന്നുണ്ട്.

## 2. കുട്ടികളേയും ചെറുപ്പക്കാരേയും ആകർഷിക്കുന്ന പരസ്യങ്ങൾ നിരോധിക്കുക.

നേരിട്ടും അല്ലാതെയും ഉള്ള പുകയില പരസ്യങ്ങൾ ഇന്ത്യയിൽ നിരോധിച്ചിട്ടുള്ള വയാണ്. ഫാൻസി ഉത്പന്നങ്ങളിലൂടെ പുകയില കമ്പനികൾ കുട്ടികളെ ആശർഷിക്കുന്നു.




***നിങ്ങൾ ചെയ്യേണ്ടുന്നത്***

* COTPA നിയമം, Section 5 പ്രകാരം, പുകയില ഉൽപന്നങ്ങളുടെ പരസ്യ നിരോധനം നടപ്പിലാക്കുക.
* നേരിട്ടല്ലാതെയുള്ളപുകയില പരസ്യങ്ങൾ അനുവദിക്കുന്ന നിയമങ്ങൾ പാസ്സാക്കുകയോ ഭേദഗതി ചെയ്യുയോ ചെയ്യരുത്. കേബിൾനെറ്റ്വർക്ക് റെഗുലേഷൻ ആക്റ്റിന്റെ ഏറ്റവും പുതിയ ഭേദഗതി COTPA, Sect (5) ന് എതിരാണ്.
* മറ്റ് നിയമ മാർഗ്ഗങ്ങളും ശക്തമായ പ്രാബല്യനിയമവും ഉണ്ടെങ്കിൽ മാത്രമേ പുകയില കമ്പനിക്കാരെ ഇത്തരം പ്രവർത്തങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാനാവു.

**3. പുകയില രഹിത സിറ്റികൾ, ജില്ലകൾ, സംസ്ഥാനങ്ങൾ എന്നിവ സൃഷ്ടിക്കുക.**

ശാസ്ത്രീയ തെളിവുകൾ സൂചിപ്പിക്കുന്നത് പുകയില വിമുക്തമായ സ്ഥലങ്ങൾ മനുഷ്യരെ പുകയിലയുടെ അപകടങ്ങളിൽ നിന്നും രക്ഷിക്കും എന്നാണ്. ലോകത്തുടനീളം പുകവലിരഹിത നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ജനശ്രദ്ധ പിടിച്ചു പറ്റുകയും പിന്തുണനൽകുകയും ചെയ്തിട്ടുണ്ട്. ഈജിപ്ത്, UK, ഫ്രാൻസ്, ഹോങ്ങ് കോങ്ങ്, ഐർലന്റ്, സ്കോട്ട്ലന്റ് എന്നീ രാജ്യങ്ങൾ പുകയിലരഹിതമാണ്. പുകയില രഹിത നിയമങ്ങൾ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നത് 2008, Oct:2 നാണ്, ഇത് പൊതു സ്ഥലങ്ങളിലും ജോലിസ്ഥലങ്ങളിലും പുകവലി നിരോധിച്ചു കൊണ്ടുള്ളതായിരുന്നു.

ഇത് ഇന്ത്യാഗവൺമന്റിന്റെ ആശാവഹമായ ഒരു സംഭവമായിരുന്നു. ഇന്ത്യൻ ഗവൺമന്റിന്റെയും എല്ലാ പ്രൈവറ്റ് ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കടകൾ, മാളുകൾ, ഹോട്ടലുകൾ, വിമാനത്താവളങ്ങൾ, ലൈബ്രറികൾ, റസ്റ്റോറന്റുകൾ, ബാറുകൾ ഇവയെല്ലാം പുകയില വിമുക്തമാക്കുമെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ ഇന്ത്യയിലെ ഒരുപാട് നഗരപ്രദേശങ്ങളും, ജില്ലകളും പുകയില വിമുക്തമായി മാറിക്കഴിഞ്ഞു.



* കേരളത്തിൽ കോട്ടയം ജില്ലാഭരണകൂടം, ജില്ലാ മെഡിക്കൽ ഓഫീസ്, ജനപ്രതിനിധികൾ, കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ് എന്നിവരുടെ സഹായത്തോടെ ജില്ലയിൽ നടപ്പിലാക്കിയ പുകയില നിയന്ത്രണ പ്രവർത്തനങ്ങൾ ദേശീയശ്രദ്ധ നേടുകയുണ്ടായി. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കോട്ടയത്തെ ഇന്ത്യയിലെ ആദ്യത്തെ പുകയിലരഹിത ജില്ലയാക്കി പ്രഖ്യാപിക്കാൻ സഹായകമായി. ജില്ലയിലെ പുകയില ഉപഭോഗം 40% കണ്ട് കുറയ്ക്കാൻ പ്രഖ്യാപനത്തിനായി എന്ന് പുകയില കമ്പനികളുടെ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നു.

## *പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടത് നിങ്ങളിൽ നിന്നാണ്*

* കൂടുതൽ നഗരങ്ങളും, ജില്ലകളും വില്ലേജുകളും COTPA യുടെ സെക്ഷൻ - 4 ൽ പറയുന്നതനുസരിച്ച് പുകയില വിമുക്തമാക്കണം. നിങ്ങളുടെ അസംബ്ലി/ പാർലമെന്റ് മണ്ഡലങ്ങളിലെ പട്ടണങ്ങളും ഗ്രാമങ്ങളും പുകയില രഹിതമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. മണ്ഡലങ്ങളിൽ നിങ്ങൾക്ക് ചിലവാക്കാൻ സാധിക്കുന്ന തുകയിൽ ഒരു വിഹിതം പുകയില നിയന്ത്രണ പരിപാടികൾക്കായി മാറ്റി വെയ്ക്കുക. എല്ലാ വിഭാഗം ആളുകളിലും - ഉടമകൾ, മാനേജർമാർ, തൊഴിലാളികൾ etc... നിയമം നടപ്പാകുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ അനുയോജ്യമായ നിയമനിർമ്മാണം ആവശ്യമാണ്. എല്ലായിടങ്ങളിലും 60x 30 cm വലിപ്പത്തിലുള്ള ഉള്ള ഒരു മുന്നറിയിപ്പ് ഫലകം - 'പുകയില വിമുക്ത പ്രദേശം - ഇവിടെ പുകവലിക്കുന്നത് കുറ്റകരമാണ്' എന്നെഴുതി പ്രവേശനകവാടത്തിലും പുറത്തേക്കുള്ള വഴിയിലും ഒട്ടിക്കണം.

* ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സന്ദർശനങ്ങൾ നിയമത്തിന്റെ വിജയകരമായ നടത്തിപ്പിന് സഹായകരമാകും. നിയമം അനുശാസിക്കാത്തയിടങ്ങളിൽ റെയ്ഡുകളും ശിക്ഷയുംവാങ്ങിക്കൊടുക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണം.



* മാധ്യമങ്ങളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ ഗവൺമെന്റിന്റെ ഒരു Task Force രൂപീകരിക്കണം. നിയമം നടപ്പിലാക്കുന്നതിൽ വരുന്ന വീഴ്ചകളെ വേണ്ട സമയത്ത് കണ്ടെത്തുകയും, പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുവാനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും വേണം

## 4. പതിനെട്ട് വയസ്സിന് താഴെയുള്ളവർക്ക് പുകയിലയുൽപ്പന്നങ്ങൾ വിൽക്കുന്നതും ഇവർ ഇത്തരം ഉൽപന്നങ്ങൾ വിൽക്കുന്നതും നിരോധിച്ചു കൊണ്ടുള്ള നിയമം നടപ്പിൽ വരുത്തുക

പഠനങ്ങൾ തെളിയിക്കുന്നത് ഇന്ത്യയിലെ കുട്ടികളും യുവാക്കളും പുകയിലയുൽപന്നങ്ങൾ പരീക്ഷിക്കുകയും അടിമപ്പെടുകയും ചെയ്യുന്നുണ്ടെന്നാണ്. ഇന്ത്യൻ ഗവൺമെന്റിന്റെ ആരോഗ്യകുടുംബ ക്ഷേമ വകുപ്പിന്റെ അഭിപ്രായത്തിൽ കുട്ടികളിൽ 37% ഉം 10 വയസ്സിന് മുൻപ് പുകവലിച്ചു തുടങ്ങുകയും 5500 ഓളം കുട്ടികൾ ദിനംപ്രതി പുകവലി തുടങ്ങുകയും ചെയ്യുന്നുമെന്നാണ് ഹാൻസ്, പാൻപരാഗ്, തുളസി പോലുള്ള ഉൽപന്നങ്ങൾ പ്രായപൂർത്തിയാകാത്തവരുടെ ഇടയിൽ സർവസാധാരണമായി കാണപ്പെടുന്നു. കാരണം ഇത് വളരെ കുറഞ്ഞ വിലക്കുതന്നെ ലഭ്യമാകുന്നുണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ പ്രായ പൂർത്തിയാകത്തവർ പുകയില ഉൽപന്നങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നത് വിലക്കി യിട്ടുണ്ടെങ്കിൽ പോലും ശക്തമായി പ്രാബല്യത്തിൽ വരുന്നില്ല.

### *നിങ്ങൾ ചെയ്യേണ്ടുന്നത്*



- നിയമം ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. COTPA നിയമത്തിന്റെ Sec 6 അനുസരിച്ച് 18 വയസ്സിനു താഴെയുള്ളവർ പുകയില ഉൽപന്നങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരുത്തണം.

- മൊത്തമായും ചില്ലറയായും പുകയില ഉത്പന്നങ്ങൾ വിൽക്കുന്ന കടകളിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം.പ്രായപൂർത്തിയാകാത്തവർക്ക് പുകയില ഉൽപന്നങ്ങൾ വിൽക്കരുത്. 60x30 cm വലിപ്പത്തിൽ 18 വയസ്സിന് താഴെയുള്ളവർക്ക് പുകയില ഉൽപന്നങ്ങൾ വിൽക്കുന്നത് ശിക്ഷാർഹമാണെന്ന് പ്രദർശിപ്പിച്ചിരിക്കണം.

- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും 100 മീറ്റർ ചുറ്റളവിൽ പുകയില ഉൽപന്നങ്ങൾ വിൽക്കുന്നത് നിരോധിച്ചു കൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരുത്തണം. എല്ലാവർക്കും കാണാവുന്ന തരത്തിൽ ഒരു പ്രദേശത്ത്  സിഗരറ്റും സിഗരറ്റിതര ഉല്പന്നങ്ങളും ഈ സ്ഥാപനത്തിന്റെ 100 m ചുറ്റളവിൽ വിൽക്കുന്നത് കർശ്ശനമായി നിരോധിച്ചിരിക്കുന്നു. നിയമം അനുശാസിക്കാത്ത പക്ഷം 200 രൂപാ വരെ പിഴയൊടുക്കണം. എന്ന് കാണിച്ചുകൊണ്ടുള്ള ഒരു ബോർഡ് സ്ഥാപിക്കണം.

- സ്കൂളിന് പുറത്തുള്ള ചെറുകടകളിൽ പുകയിലയുൽപന്നങ്ങൾ മറ്റു വസ്തുക്കളുടെ രൂപത്തിൽ (Eg: Mouth Freshners, മിഠായികൾ etc) എന്നിവ നിരോധിക്കണം. പുകയിലയുൽപന്നങ്ങൾ കുട്ടികളെ ആകർഷിക്കത്തക്ക വിധം ചെറിയ പായ്ക്കറ്റുകളാക്കി വിതരണം നട ത്തുന്നത് തടയാനായി നിയമനടപടികൾ സ്വീകരിക്കുക.

## 5. പുകയിലയുൽപന്നങ്ങളുടെ മേൽ നികുതി വർദ്ധിപ്പിക്കുകയും പുകയില കമ്പനികൾക്കുള്ള വിദേശമൂലധനം ഒഴിവാക്കുക.



പുകയിലയുൽപന്നങ്ങളുടെ ഉപയോഗം കുറക്കാനുള്ള ഏറ്റവും നല്ല നടപടി ഇതിൻ മേലുള്ള നികുതി വർദ്ധിപ്പിക്കലാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ W.H.O നിർദ്ദേശിക്കുന്നു. ഇന്ത്യയിൽ പുകയില ഉൽപന്നങ്ങളുടെ ഉപഭോഗം ഒരു പകർച്ച വ്യാധി പോലെ പടരാൻ പ്രധാന കാരണം വിവിധ തരങ്ങളിലും ഭാവങ്ങളിലും ഇത്തരം ഉൽപന്നങ്ങൾ നമുക്ക് ലഭിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുവെന്നുള്ളതാണ്. വ്യത്യസ്ത ഉൽപ്പന്നങ്ങൾക്ക് നികുതിവ്യത്യാസപ്പെട്ടിരിക്കുന്നു. ബീഡി പോലെയുള്ള ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതും ഉൽപ്പാദിപ്പിക്കുന്നതും പാവപ്പെട്ട ജനങ്ങളാണെന്നും അനേകം പേരുടെ ജീവിതമാർഗ്ഗമാണെന്നും വാസ്തവം. നികുതിയേർപ്പെടുത്തുന്നതിൽ നയപരമായ ഇടപെടലുകൾ ആവശ്യമാണ്.

***പ്രർത്തനങ്ങൾ ഉണ്ടാവേണ്ടത് നിങ്ങളിൽ നിന്നാണ്***

* ഇപ്പോഴത്തെ നികുതി സമ്പ്രദായം വിലയിരുത്തപ്പെടുകയും മാറ്റങ്ങൾ വരുത്തുകയും വേണ്ടത് അനിവാര്യമാണ്.
* ഒരു Unifired Goods & Service Tax (GST) ബീഡി, പുകയില്ലാത്ത പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയെ നികുതിയിളവിൽ നിന്നും ഒഴിവാക്കാൻ സഹായിക്കും.
* യുക്തിപരമായ ഒരു നികുതിസമ്പ്രദായം ദാരിദ്ര്യം കുറയ്ക്കുകയും വരവിലുള്ള അസമത്വം കുറക്കാൻ സഹായിക്കുകയും ചെയ്യും. ഇത് കുട്ടികൾ, സ്ത്രീകൾ, Vulnerable groups എന്നിവർക്ക് പുകയിലയുൽപ്പന്നങ്ങൾ എളുപ്പത്തിൽ ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കുറയും
* പുകയിലയുൽപന്നങ്ങളുടെ ഇറക്കുമതിയും വിദേശമൂലധനവും ഒഴിവാക്കണം. പ്രത്യേക സാമ്പത്തിക മേഖലയും വിദേശമൂലധനവും പുകയിലയുൽപന്നങ്ങൾ, ബീഡി, സിഗരറ്റ് എന്നിവ ഇന്ത്യയിൽ വളരെ കുറഞ്ഞ ചിലവിൽ ലഭിക്കാനിടവരുന്നു. ഇതുമൂലം ഏഷ്യൻ രാജ്യങ്ങളിൽ തന്നെ ഇന്ത്യ പുകയിലയുൽപന്നങ്ങളുടെ ഒരു വലിയ കച്ചവട കേന്ദ്രമായി മാറും.
* മറ്റു രാജ്യങ്ങളിൽ നിന്നുള്ള തെളിവുകൾ സുചിപ്പിക്കുന്നത് പുകയിലയുൽപന്നങ്ങളുടെ മേലുള്ള ഉയർന്ന നികുതി ആരോഗ്യ ഉന്നമനപരിപാടികളുടെ വിജയത്തിലേയ്ക്കുള്ള ഒരു പ്രധാനചവിട്ടുപടിയാണ് എന്നാണ്.

## 6. ദേശീയ ആരോഗ്യ വികസനപരിപാടികളുടെ ഭാഗമാക്കി പുകയില നിയന്ത്രണം ഗ്രാമീണ തലത്തിൽ എത്തിക്കുക.

ദേശീയ കുടുംബാരോഗ്യ സർവ്വേ III അനുസരിച്ച് ഇന്ത്യയിൽ 57% പുരുഷൻമാരും 11 % സ്ത്രീകളും പുകയിലയുൽപന്നങ്ങൾ ഉപയോഗിക്കുന്നവരാണ്. മാത്രമല്ല ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളിലാണ് പുകയിലയുൽപന്നങ്ങളുടെ ഉപയോഗം കൂടുതലായി കാണപ്പെടുന്നത്. ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ 69% ൽ അധികം പുകയില ഉപഭോഗമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്

*നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ*

- NRHM വുമായി പുകയില നിരോധനപ്രവർത്തനങ്ങളെ യോജിപ്പിക്കണം. ANM, ASHA പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, PHC മെഡിക്കൽ സംഘങ്ങൾ എന്നിവർക്ക് പുകയില നിരോ ധനപ്ര ക്രിയകളെക്കുറിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുക.
- ദേശീയ തൊഴിലുറപ്പ് പദ്ധതി, ഭാരതീയ നിർമ്മാൺ പദ്ധതി, ICDS സർവ്വശിക്ഷാഅഭിയാൻ എന്നി വയുടെ നേട്ടങ്ങൾ ബീഡി തൊഴിലാളികളിലേക്കുകൂടി എത്തിക്കുക, കാരണം, പട്ടിണിയും കുറഞ്ഞ വേതനവും നിമിത്തം വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ ഉപയോഗിക്കാൻ അവർക്ക് കഴിയുന്നില്ല.
- ഇന്ത്യൻ റെയിൽവേ, എൻ.സി.സി ദേശീയഹൈവേ അധികാരികൾ എന്നിവർക്ക് ചെറിയ നിക്ഷേപം മാറ്റി വയ്ക്കുന്നതിലൂടെ പുകയില നിരോധനപ്രക്രിയകളിൽ പങ്കാളിയാവാം.

## 7. പുകയില നിർത്തലാക്കാനുള്ള കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം കൂട്ടുക.

**നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ**

- ഇത്തരം കേന്ദ്രങ്ങൾ WHO യുമായുള്ള സഹകരണത്തോടെ ഇന്ത്യൻ ആരോഗ്യമന്ത്രാലയം രാജ്യത്തുടനീളം തുടങ്ങി. പക്ഷേ അതിനിടയുള്ള പ്രവർത്തനങ്ങൾ ഇല്ല. PHC കളിലും CHC കളിലും ഇതിനുവേണ്ടിയുള്ള പരിശീലനം നൽകണം. എല്ലാ ആരോഗ്യപ്രവർത്തകരും പുക്കയി ലയ്ക്ക് അടിമപ്പെട്ടവർക്ക് ഉപദേശം നൽകണം.
- സ്കൂൾ കുട്ടികളാണ് ഈ വിപത്തിന്റെ ഏറ്റവും വലിയ ഇരകൾ. അതുകൊണ്ട് സ്കൂൾ ടീച്ചർമാർക്ക് പുകയില നിയന്ത്രണത്തെക്കുറിച്ചുള്ള ബോധവത്ക്കരണം കൊടുക്കണം.
- ഹെൽപ്പ് ലൈനുകൾ എല്ലായിടത്തും തുറക്കണം.

## 8. കർഷകരെ മറ്റ് വിളകൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ പുകയില ഉത്പാദനത്തെ തുടച്ച് നീക്കുക.

ലോകത്തിലെ പുകയില ഉത്പാദകരാജ്യങ്ങളിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. കൂടാതെ 370,000 ഹെക്ടർ ഭൂമി ഇതിനായി മാറ്റി വച്ചിരിക്കുന്നു. ഇന്ത്യയിൽ ഏകദേശം 3-5 ലക്ഷം ആളുകൾ പുക യില ഉത്പാദിപ്പിക്കുന്നുണ്ട്. സിഗരറ്റുകളിൽ ഉപയോഗിക്കുന്ന Fluecured virginia ആന്ധ്രാപ്രദേ ശിലും കർണ്ണാടകയിലുമാണ് കൃഷിചെയ്യുന്നത്.

*നിങ്ങൾ ചെയ്യേണ്ടുന്നത്.*

- പുകയില നിരോധിക്കുന്നതിന് വേണ്ടിയുള്ള വൈരുദ്ധ്യാത്മക നിയമങ്ങൾ നിർത്തലാക്കുക.
- സോയാബിൻ, നെല്ല്, പയർ, മുളക്, പരുത്തി എന്നിവ കൃഷിചെയ്യുന്നതിനായ് പുകയില ഉത്പാദ നത്തിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് ലോൺ നൽകുക
- കൃഷിവകുപ്പ് ഇക്കാര്യത്തിൽ മുൻകൈ എടുക്കണം.

## 9. ബീഡി, പുകയില തൊഴിലാളികൾക്ക് മറ്റു ജീവിതസാഹചര്യം ഒരുക്കുന്ന തിനുവേണ്ടി പദ്ധതി രൂപീകരിക്കുക.

സ്ത്രീകളും കുട്ടികളും അടങ്ങുന്ന ബീഡി തൊഴിലാളികളെ ചൂഷണം ചെയ്യപ്പെടുന്നവരും പാർശ്വവൽക്കരിക്കപ്പെടുന്നവരുമായി നിരവധി പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ജീവിതസൗകര്യവും, കുറഞ്ഞ വേതനവും ബീഡി തൊഴിലാളികളെ കഷ്ടപ്പാടുകളി ലേയ്ക്കും അനാരോഗ്യത്തിലേയ്ക്കും നയിക്കുന്നു.

ബാലവേല ബീഡിവ്യവസായത്തിലെ സാധാരണമായ ഒരു പ്രതിഭാസമാണ്. കുട്ടികളുടെ നിഷ്കളങ്കതയെ ചൂഷണം ചെയ്ത് അവരുടെ വിദ്യാഭ്യാസത്തിനുള്ള സാഹചര്യത്തെ ഇല്ലാതാക്കി വളരുന്ന ഇത് അപകടകരമായ ഒരവസ്ഥയാണ്. എല്ലാത്തിനുമുപരി അവർ അപകടകരമായ വസ്തുക്കളുപയോഗിക്കുന്നത് അവരുടെ തന്നെ ആരോഗ്യത്തിന് ഹാനികരമാകുന്നു.

**പ്രവർത്തനങ്ങൾ വേണ്ടത് നിങ്ങളിൽ നിന്നാകുന്നു.**

* എല്ലാ ബീഡി തൊഴിലാളികൾക്കും ID കാർഡ് നിർബന്ധമാക്കുക.
* ജോലി സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, വേതനമുയർത്തുന്നതിനും വേണ്ടി 1966 ലെ Beedi and Cigar Workers Act, 1976 se Bonded Labour System Abolitaion Act) 1986 ലെ Child Labour Act എന്നിവയുടെ വകുപ്പുകൾ പ്രാബല്യത്തിൽ വരുത്തുക



* ഗവ: പിരിച്ചെടുക്കുന്ന നികുതികൾ ബീഡിതൊഴിലാളികളുടെ ഉന്നമനത്തിനും, അവരുടെ ആരോഗ്യ സംരക്ഷണത്തിനുമായ് വിനിയോഗിക്കുക.

## 10. പുകയില ഉത്പന്നങ്ങളിലെ ടാർ - നിക്കോട്ടിൽ എന്നിവ പരിശോധിക്കുന്നതിനായി ലബോറട്ടറികൾ തുടങ്ങുക.

പുകയില ഉത്പന്നങ്ങളിലടങ്ങിയിരിക്കുന്ന എല്ലാ ചേരുവകളേയും കുറിച്ചറിയാനുള്ള അധികാരം എല്ലാ ഉപഭോക്താക്കൾക്കുമുണ്ട്. അതുകൊണ്ട് പുകയില ഉത്പന്നങ്ങളിലടങ്ങിയിരിക്കുന്ന എല്ലാ പദാർത്ഥങ്ങളുടെയും വിവരം വളരെ വ്യക്തമായി പായ്ക്കറ്റിനു പുറത്ത് എഴുതിയിരിക്കണം.



***നിങ്ങൾ ചെയ്യേണ്ടത്***

* COTPA നിയമത്തിന്റെ 11 വകുപ്പ് പറയുന്നതനുസരിച്ച് ഗവ: പുകയില ഉൽപന്നങ്ങളിലെ ടാർ - നിക്കോട്ടിൻ അളവ് പരിശോധിക്കുന്നതിനായ് ലബോറട്ടറികൾ തുടങ്ങുക.
* ഇത്തരം ലബോറട്ടറികൾ പുറത്ത് വിടുന്ന വിവരങ്ങൾ പുകയില ഉത്പന്നങ്ങൾ വിറ്റഴിയുന്നതിനെതിരുപരിധിവരെ നിയന്ത്രിക്കാനാവും.

## 11. NTCP(National Tobacco control programme) യുടെ കീഴിൽ, തൊഴിൽ, വ്യാപാരം, സാമ്പത്തികം, കൃഷി എന്നിവ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.

പുകയില കേവലം ഒരു ആരോഗ്യപ്രശ്നം മാത്രമല്ല ഈ പ്രശ്നത്തിന്റെ വ്യാപ്തിയും സങ്കീർണ്ണതയും വളരെ വലുതാണ്. അതുകൊണ്ട് ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള പുകയില നിയന്ത്രണസെല്ലുകളുടെ അധികാരം വർദ്ധിപ്പിക്കണം.

***നിങ്ങൾ ചെയ്യേണ്ടത്.***

* ദീർഘമായതും എന്നും നിലനിൽക്കുന്നതുമായ ഒരു ഫലം കൊണ്ടുവരുന്നതിനായ് ആരോഗ്യ കൃഷി - തൊഴിൽ - വ്യാപാര - സാമ്പത്തിക മന്ത്രാലയങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണം.

We Hope this document has proved useful for your reference. To refer to a complete version of the COTPA, and for more informative factsheets pertaining to India on different aspects of Tobacco control, please visit our website
www.rctfi.org, www.kvhs.rctfi.org
You can directly contact our team through the email IDs
hpdcu@yahoo.com, or ceo@vhai.org, keralavhs@yahoo.co.in